"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ് -19 പ്രതിരോധ പ്രവർത്തനങ്ങൾ - സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരെയും കോവിഡ് പ്രതിരോധ പ്രവർത്തങ്ങൾക്ക് നിയോഗിക്കുന്നത് സംബന്ധിച്ച് - പരിഷ്കരിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.412/2021/DMD** തീയതി,തിരുവനന്തപുരം, 12/05/2021

---

പരാമർശം:- 1 06.05.2021-ലെ സ.ഉ (ആർ.റ്റി) നമ്പർ 404/2021/ദു.നി.വ ഉത്തരവ്

2 10.05.2021-ലെ സ.ഉ.(ആർ റ്റി) നമ്പർ. 408/2021/ ദു.നി.വ. ഉത്തരവ്

3 11.05.2021-ലെ സ.ഉ.(ആർ റ്റി) നമ്പർ. 410/2021/ ദു.നി.വ. ഉത്തരവ്

**ഉത്തരവ്**

കോവിഡ് -19 മഹാമാരി പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി 2021 മേയ് 8 മുതൽ 16 വരെ സംസ്ഥാനത്ത് ദുരന്ത നിവാരണ നിയമത്തിലെ വ്യവസ്ഥകൾ അധികരിച്ച് പരാമർശം ഒന്ന് പ്രകാരം ലോക്ക്- ഡൗൺ പ്രഖ്യാപിക്കുകയും വിവിധ നിയന്ത്രണങ്ങൾക്കൊപ്പം സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖലയിലെ അവശ്യ സർവീസ് ഒഴികെയുള്ള വിഭാഗങ്ങൾ ഈ കാലയളവിൽ പ്രവർത്തിക്കേണ്ടതില്ല എന്ന് ഉത്തരവാവുകയും ചെയ്തിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ മുൻനിരയിൽ നിൽക്കുന്ന ജില്ലാ ഭരണകൂടങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ആവശ്യമായ ജീവനക്കാരുടെ അഭാവത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

സംസ്ഥാനത്തു കോവിഡ് -19 മഹാമാരി പടർന്നു പിടിക്കുന്ന പശ്ചാത്തലത്തിൽ നില നിൽക്കുന്ന അനിതര സാധാരണമായ സ്ഥിതിവിശേഷം പരിഗണിച്ച് എല്ലാ സർക്കാർ ജീവനക്കാരും കോവിഡ് പ്രതിരോധ പ്രവർത്തങ്ങൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കണമെന്ന് ദുരന്ത നിവാരണ നിയമത്തിന്റെ വ്യവസ്ഥകൾ അധികരിച്ച് പരാമർശം രണ്ട് പ്രകാരം ഉത്തരവ് നൽകുകയും അതിനായുള്ള മാർഗ നിർദേശങ്ങൾ പരാമർശം മൂന്ന് പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

ഇത്തരത്തിൽ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും താൽക്കാലിക പുനർവിന്യാസം കൂടുതൽ ഫലപ്രദമായി നടപ്പാക്കുന്നതിന് താഴെപ്പറയുന്ന പരിഷ്കരിച്ച നിർദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു:

i. സംസ്ഥാനത്ത് അവശ്യ വിഭാഗങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള സർക്കാർ / അർദ്ധസർക്കാർ/സ്വയം ഭരണ /പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെയുള്ള ജീവനക്കാരും അദ്ധ്യാപകരും കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

ii അവശ്യ വിഭാഗങ്ങളിൽ അത്യന്താപേക്ഷിതമായ ജീവനക്കാർ ഒഴികെയുള്ളവരും കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതാണ്.

iii . കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് ആരോഗ്യ കാരണങ്ങളാൽ ജോലിക്ക് ഹാജരാകുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള ജീവനക്കാരെയും അദ്ധ്യാപകരെയും ഇത്തരത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിവാക്കാവുന്നതാണ് .

iv. അതത് വകുപ്പ് മേധാവികൾ ഇത്തരത്തിലുള്ള ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പട്ടിക ജില്ലാ കളക്ടർമാർക്ക് രണ്ട് ദിവസത്തിനകം കൈ മാറേണ്ടതാണ് .

v. ഇത്തരത്തിൽ ലഭ്യമായ ജീവനക്കാരെ/ അദ്ധ്യാപകരെ അതത് ജില്ലാ കളക്ടർമാർ ആവശ്യാനുസരണം വിവിധ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കും ജില്ലാ കളക്ടറേറ്റിലും നിയോഗിക്കേണ്ടതാണ്.

vi. ജീവനക്കാരുടെ /അദ്ധ്യാപകരുടെ തസ്തികയ്ക്ക് അനുസൃതമായ ജോലികളിൽ ഇവരെ നിയോഗിക്കാൻ ജില്ല കളക്ടർമാരും തദ്ദേശ സ്വയം ഭരണ സ്ഥാപന മേധാവികളും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ് .

vii. ഇത്തരത്തിൽ ജോലികൾ ഏറ്റെടുക്കാൻ സന്നദ്ധരാകാത്ത ജീവനക്കാർ / അദ്ധ്യാപകർ ഉണ്ടെങ്കിൽ ജില്ലാ കളക്ടർമാർ അവരുടെ വിശദാംശങ്ങൾ ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് നൽകേണ്ടതാണ്.

viii.ഇതിനകം കോവിഡ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് തദ്ദേശ സ്ഥാപനങ്ങളിൽ നിയമിതരായ ജീവനക്കാരെയും അദ്ധ്യാപകരെയും അപ്രകാരം തുടരാൻ അനുവദിക്കാവുന്നതാണ്.

ഇത് സംബന്ധിച്ച് അടുത്ത ഒരുത്തരവുണ്ടാകുന്നത് വരെ ഈ ക്രമീകരണം തുടരുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ.എ.എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

പകർപ്പ്

എല്ലാ അഡീ.ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെയുള്ള എല്ലാ വകുപ്പ്
ഡയറക്ടർമാർക്കും
ലാന്റ് റവന്യൂ കമ്മീഷണർ
എല്ലാ ജില്ലാ കളക്ടർമാർക്കും
തദ്ദേശ സ്വയം ഭരണ വകുപ്പ്
കമ്മീഷണർ, ദുരന്ത നിവാരണം
ഡയറക്ടർ,ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്പെഷൽ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ഓഫീസ് കോപ്പി/ കരുതൽ

ഉത്തരവിൻ പ്രകാരം

Signature Not Verified

Digitally signed by JAYACHANDRAN K P
Date: 2021.05.12 16:03:35 IST
Reason: Approved

സെക്ഷൻ ഓഫീസർ